**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3739** **06-08-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 2021-2022 അദ്ധ്യയന വർഷത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൽപറ്റ നിയോജക മണ്ഡലത്തിൽ 1930 പട്ടികജാതി വിദ്യാർത്ഥികൾക്ക് 16,98,300/-രൂപ ലംപ്സംഗ്രാന്റായി നാളിതുവരെ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വിതരണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിതരണം 100% പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2020-21 അദ്ധ്യയന വർഷം ഫണ്ടിന്റെ അര്യാപ്തത കാരണം 2020 നവംബർ മുതൽ 2021 മാർച്ച് വരെയുള്ള പ്രീമെടിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ സാധിച്ചിരുന്നില്ല. 2020 നവംബർ മുതൽ 2021 മാർച്ച് വരെയുള്ള പ്രതിമാസ സ്റ്റൈപന്റ് 2021-22 സാമ്പത്തിക വർഷമാണ് വിതരണം ചെയ്തത്. 4,313 വിദ്യാർത്ഥികൾക്ക് 43,16,000/-രൂപ ഈയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. 2021-22 അദ്ധ്യയനവർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ താമസം വിനാ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്. സ.ഉ.(അച്ചടി) നം.1/2020/പജപവവിവ തീയതി 09/01/2020ലെ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പ്രസ്തുത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെപറയുന്ന നിരക്കുകളിൽ ലംപ്സം ഗ്രാന്റ് |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നു. നഴ്സറിതലം - 500 രൂപ 1 മുതൽ 4 വരെ - 750 രൂപ 5 മുതൽ 8 വരെ - 900 രൂപ 8 മുതൽ 10 വരെ - 1000 രൂപ +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി - 1400 രൂപ |
| (ഡി) | നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസ് വരെ എത്ര രൂപ വീതമാണ് ലംപ്സം ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്. സ.ഉ.(അച്ചടി) നം.1/2020/പജപവവിവ തീയതി 09/01/2020ലെ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പ്രസ്തുത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെപറയുന്ന നിരക്കുകളിൽ ലംപ്സം ഗ്രാന്റ് അനുവദിച്ചു വരുന്നു. നഴ്സറിതലം - 500 രൂപ 1 മുതൽ 4 വരെ - 750 രൂപ 5 മുതൽ 8 വരെ - 900 രൂപ 8 മുതൽ 10 വരെ - 1000 രൂപ +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി - 1400 രൂപ |

സെക്ഷൻ ഓഫീസർ